'ഭരണഭാഷ - മാതൃഭാഷ'

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പി.ബി. നൂഹ് IAS)

തിരുവനന്തപുരം

ഉത്തരവ് നമ്പർ: G4/12620/17(1) തിയതി: 05.02.2018.

==========================================================================

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - സായം പ്രഭാ ഹോം പദ്ധതി - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾ - സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) 03.06.2017-ലെ സ.ഉ.(സാധാ) നം. 355/17/സാ.നീ.വ നം. സർക്കാർ ഉത്തരവ്.
2) ഈ കാര്യാലയത്തിലെ 05.01.2018-ലെ G4-12620/17 നം. ഉത്തരവ്.
3) തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സമർപ്പിച്ചിട്ടുള്ള കത്തും പകൽ വീടുകളുടെ ലിസ്റ്റും.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന 70 പകൽ പരിപാലന കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമെ കെയർ ഗീവർമാരുടെ സേവനം, യോഗ, മെഡിറ്റേഷൻ, കൗൺസിലിംഗ്, വൈദ്യ പരിശോധന, വിനോദോപാധികൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയെ സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം ഒരു പകൽ വീടിന് 280000/- രൂപ ക്രമത്തിൽ 19600000/- രൂപ ചെലവഴിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഒഴികെയുള്ളവർ പകൽ വീടുകളുടെ ലിസ്റ്റ് ലഭ്യമാക്കിയിരുന്ന സാഹചര്യത്തിൽ ആകെ 51 പകൽ വീടുകൾക്കായി 280000/- രൂപാ ക്രമത്തിൽ 14280000/- രൂപ മേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കായി അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. അവശേഷിക്കുന്ന 19 പകൽ വീടുകളിൽ 14 പകൽ വീടുകളുടെ ലിസ്റ്റ് പരാമർശം (3) പ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ആയത് പരിഗണിച്ച് ആകെ 14 പകൽ വീടുകൾക്കായി 3920000/- രൂപ (മുപ്പത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപാ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-02-104-82(P) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. ഓരോ ജില്ലാ ഓഫീസർമാർക്കും അനുവദിച്ചിട്ടുള്ള തുക, സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 14 പകൽ വീടുകളുടെ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് ഉൾപ്പെടെ ജില്ല തിരിച്ച് ചേർത്തിട്ടുള്ള ലിസ്റ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

AN

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്ക് തുക കൈമാറേണ്ടതാണ്. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രൊപ്പോസലിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുക ചെലവഴിക്കാൻ പാടുള്ളൂ. പ്രൊപ്പോസൽ ഉത്തരവിന്റെ ഭാഗമായി അന്യത്ര ചേർത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പ്രൊപ്പോസലിൽ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ബാങ്ക് അക്കൗണ്ട് ആരംഭിക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായിട്ടാണെന്ന് തദ്ദേശ സ്വയം ഭരണ സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്. പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നത് വരെ പദ്ധതി പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് അക്കൗണ്ട് വഴി നിർവ്വഹിക്കാവുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്ററുകൾ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ സൂക്ഷിക്കേണ്ടതും, എല്ലാ മാസവും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഇക്കാര്യം മോണിറ്റർ ചെയ്യേണ്ടതുമാണ്.

പർച്ചേസുകൾ നടത്തേണ്ടി വരുമ്പോൾ കേരള സ്റ്റോർ പർച്ചേസ് റൂളിലെ ക്വട്ടേഷൻ/ടെണ്ടർ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. നിയമനങ്ങൾ നടത്തുമ്പോൾ വ്യാപകമായ പ്രചാരണം നടത്തി അപേക്ഷ ക്ഷണിക്കേണ്ടതും, തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ നിയമിക്കപ്പെടുന്നവർ നിശ്ചിത യോഗ്യത നേടിയവരാണെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഒപ്പ്)

**സാമൂഹ്യനീതി ഡയറക്ടർ**

ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ,
തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, വയനാട്.

പകർപ്പ്:-

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. മുനിസിപ്പൽ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർ
4. സൂപ്രണ്ട് എ സെക്ഷൻ (അലോട്ടുമെന്റിനായി)
5. സൂപ്രണ്ട് പ്ലാനിംഗ് സെൽ
6. ഡയറക്ടറുടെ സി.എ.
7. ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്
8. ബന്ധപ്പെട്ട ട്രഷറി ഓഫീസർ
9. സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്

AN

| ക്രമ നം. | ജില്ല | സായംപ്രഭ ഹോമുകളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1. | തിരുവനന്തപുരം | 7 x 280000 | 19,60,000/- |
| 2. | പത്തനംതിട്ട | 3 x 280000 | 8,40,000/- |
| 3. | വയനാട് | 4 x 280000 | 11,20,000/- |
| ആകെ | | 14 x 280000 | 39,20,000/- |

(മുപ്പത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)

OFFICE OF THE DIRECTOR OF SOCIAL JUSTICE
Thiruvananthapuram
Pin-695 033.

AN

## സായംപ്രഭ ഹോമുകളായി തെരഞ്ഞെടുത്തിട്ടുള്ള പകൽ വീടുകളും അനുവദിച്ച തുകയും

| ക്രമ നം. | ജില്ല | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | പകൽ വീട് | അനുവദിച്ച തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | ആനാട് ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 13 മണ്ഡപം PHCയ്ക്ക് സമീപം | 280000/- |
| 2. | തിരുവനന്തപുരം | ആര്യങ്കോട് പഞ്ചായത്ത് | വാർഡ് നം. 4 ഇടവാൽ (ഒറ്റശേഖര മംഗലം) | 280000/- |
| 3. | തിരുവനന്തപുരം | കുറ്റിച്ചൽ പഞ്ചായത്ത് | വാർഡ് നം. 10 മന്തിക്കുളം | 280000/- |
| 4. | തിരുവനന്തപുരം | പള്ളിച്ചൽ പഞ്ചായത്ത് | വാർഡ് നം. 2 മുക്കുന്നിമല | 280000/- |
| 5. | തിരുവനന്തപുരം | പള്ളിച്ചൽ പഞ്ചായത്ത് | വാർഡ് നം. 5 നടുക്കാട് | 280000/- |
| 6. | തിരുവനന്തപുരം | പള്ളിച്ചൽ പഞ്ചായത്ത് | വാർഡ് നം. 6 നരുവാമൂട് | 280000/- |
| 7. | തിരുവനന്തപുരം | പള്ളിച്ചൽ പഞ്ചായത്ത് | വാർഡ് നം. 8 അമ്മാനൂർക്കോണം | 280000/- |
| 8. | പത്തനംതിട്ട | പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 8 പാരക്കര | 280000/- |
| 9. | പത്തനംതിട്ട | പെരിങ്ങര ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 14 ചാത്തങ്കരി | 280000/- |
| 10. | പത്തനംതിട്ട | ആറന്മുള ഗ്രാമ പഞ്ചായത്ത് | ഏഴിക്കാട് കോളനി | 280000/- |
| 11. | വയനാട് | പൊഴുതന ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 10 പൊഴുതന ടൗൺ | 280000/- |
| 12. | വയനാട് | വൈത്തിരി ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 11 വൈത്തിരി ടൗൺ | 280000/- |
| 13. | വയനാട് | തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 10 അമ്പലക്കൊല്ലി | 280000/- |
| 14. | വയനാട് | തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | വാർഡ് നം. 12 കുളത്താട | 280000/- |

OFFICE OF THE DIRECTOR OF SOCIAL JUSTICE Thiruvananthapuram Pin 695 033.

AN